# അമ്പിളിമാമനും കൂട്ടുകാരും

കുട്ടികളേ, നിങ്ങൾ അമ്പിളിമാമനെ കണ്ടിട്ടില്ലേ?
എന്തൊരു വെളിച്ചം! ചന്ദ്രൻ എന്നാണതിന്റെ പേര്.
ആകാശം നിറയെ നക്ഷത്രങ്ങളും തിളങ്ങി നിൽക്കുന്നു.
എല്ലാം കൂടി എന്തൊരു ഭംഗി! വരൂ.
നമുക്കൊരു പാട്ടുപാടാം.

"പുഞ്ചിരി തൂകീടും
അമ്പിളിമാമനും
മിന്നിത്തിളങ്ങുന്ന താരകയും
എല്ലാം പടച്ചവൻ അള്ളാഹു തന്നുടെ
മുമ്പിൽ നമിക്കണം നമ്മളെല്ലാം".

നിലാവ് ചൊരിയുന്ന അമ്പിളിയെയും
മിന്നുന്ന നക്ഷത്രങ്ങളെയുമെല്ലാം പടച്ചുണ്ടാക്കിയത്
ആരാണെന്നറിയാമോ? അല്ലാഹു തന്നെ.
അവനാണ് നമ്മളെയും മറ്റെല്ലാ വസ്തുക്കളെയും പടച്ചത്.
അവൻ നമ്മെ സ്നേഹിക്കുന്നു.
അള്ളാഹുവിനെ നമ്മളും സ്നേഹിക്കണം.

കടപ്പാട്: കേരള നദ്‌വത്തുൽ മുജാഹിദീൻ വിദ്യഭ്യാസ ബോർഡ്